പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2902.

20.03.2015 ൽ മറുപടിക്ക്

## ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷിതമായ കൈകാര്യം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.ശിവദാസൻ നായർ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, വർക്കല കഹാർ**<br>**,, വി.ഡി.സതീശൻ :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) പാചകവാതക സിലിണ്ടറുകളിലെ ചോർച്ച മുതലായ സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ഉള്ള പരാതി ഓരോ ഏജൻസിയിലും പ്രവർത്തിക്കുന്ന എമർജൻസി സർവ്വീസ് സെല്ലിനെ അറിയിക്കാവുന്നതും 2 മണിക്കൂറിനുള്ളിൽ സേവനം ലഭ്യമാകുന്നതുമാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) പാചകവാതക സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) ഏറ്റവും നവീനമായ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നുവെന്നും, വിതരണത്തിനായി എത്തുന്ന സിലിണ്ടറുകളുടെ 10% വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുകയും ഇതുകൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട് എന്നും പാചകവാതകം കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

(സി) ഉപഭോക്താക്കൾക്ക് ബന്ധപ്പെടുവാൻ ടോൾ ഫ്രീ നമ്പർ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉപഭോക്താക്കൾക്ക് ബന്ധപ്പെടുവാനുള്ള ടോൾ ഫ്രീ നമ്പർ 18002333555 കാഷ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ബന്ധപ്പെട്ട സെയിൽസ് ഉദ്യോഗസ്ഥന്റെയും കസ്റ്റമർ സർവ്വീസിന്റെയും ടെലഫോൺ നമ്പരുകൾ വിതരണ ഏജൻസികളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) പാചക വാതകം സുഗമമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

(ഡി) എൽ.പി.ജി. യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും, പരാതിപരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ